**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **02-08-2021 - ൽ മറുപടിയ്ക്ക്**

**പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഗസറ്റിൽ പരസ്യം വന്ന് ഒരു മാസം കഴിഞ്ഞാലും അച്ചടിച്ച ഗസറ്റ് ലഭ്യമാകാത്തതിനാൽ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാത്തു നിൽക്കുന്ന അപേക്ഷകർക്ക് കേരള ഗസറ്റ് വെബ്സൈറ്റിൽ ലഭ്യമായത് പരിശോധിച്ച് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി സർക്കാർ പ്രസ്സിലേക്കയക്കുകയും, പരസ്യം പ്രസിദ്ധപ്പെടുത്തുന്ന സർക്കാർ ഗസറ്റ് ഓരോ ലക്കത്തിന്റെയും അച്ചടിച്ച പകർപ്പ് ലഭിക്കുമ്പോൾ പരിശോധിച്ച് അതിലുൾപ്പെട്ടിട്ടുള്ള പരസ്യങ്ങൾക്ക്, സാക്ഷ്യപത്രം 30 ദിവസത്തിന് ശേഷം അനുവദിക്കുന്ന രീതിയാണ് അനുവർത്തിച്ച് വന്നിരുന്നത്. പ്രിന്റിംങ്ങ് ആന്റ് സ്റ്റേഷണറി വകുപ്പ് ഗസറ്റ് വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന അതാത് തീയതിയിൽ തന്നെ ഗസറ്റ് പരിശോധിച്ച് വന്നിട്ടുള്ള പരസ്യങ്ങൾ സംബന്ധിച്ച ഫയലുകൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തി, അവയിൽ കൃത്യം 30 ദിവസത്തിനകം സാക്ഷ്യപത്രം അനുവദിക്കുന്ന രീതി പല താലൂക്ക് ഓഫീസുകളിലും നിലവിൽ അനുവർത്തിച്ചു വരുന്നു. ഇത് സംസ്ഥാനത്തൊട്ടാകെ എല്ലാ താലൂക്ക് ഓഫീസുകളിലും ഏകീകൃത സ്വഭാവത്തോടെ നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ